## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 663</u>      <u>28.02.2018-ൽ മറുപടിയ്ക്ക്</u>

### കൂടുതൽ തൊഴിലവസരങ്ങൾ

**ചോദ്യം**
**ശ്രീ.എം. രാജഗോപാലൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കാൻ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി ആസൂത്രണം ചെയ്യാൻ നടപടികൾ ഉണ്ടാകുമോ; | എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കാൻ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി ആസൂത്രണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉറപ്പ വരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്നതിന് 'കേരള ട്രൈബൽ പ്ലസ്' എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. ടി പദ്ധതി വഴി പട്ടികവർഗ്ഗക്കാർക്ക് 200 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിലൂടെ അവരുടെ സാമൂഹിക സാമ്പത്തിക വികസന ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ ഒരു ഘടകമാണിത്. തൊഴിൽ രഹിതരായവർ, |

| | | | |
|---|---|---|---|
| | | | തൊഴിൽ ചെയ്യാൻ സന്നദ്ധരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കായിട്ടാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക. MGNREGS-ൽ 100 തൊഴിൽദിനം പൂർത്തീകരിച്ച എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളെയും 'കേരള ട്രൈബൽ പ്ലസ്' സ്കീമിൽ ഉൾപ്പെടുത്തുന്നു. |
| ബി) | വനസംരക്ഷണവുമായി ബന്ധപ്പെട്ട് വയനാട് അട്ടപ്പാടി, അഗളി മേഖലകളിൽ ഈ വിഭാഗക്കാർക്ക് സ്ഥിരവരുമാനം ലഭിക്കുന്ന തരത്തിൽ പദ്ധതി നടപ്പിൽ വരുത്തുമോ? | ബി) | വനം വകുപ്പ് നിലവിൽ ഇത്തരം പദ്ധതികൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ